(എ) വരൾച്ചബാധിത ജില്ലകളായ വയനാട്, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിലെ നശിച്ചതും രോഗം ബാധിച്ചതുമായ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) രോഗം ബാധിച്ച കുരുമുളകു തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രസർക്കാരിൽനിന്നും എന്തു തുകയുടെ ധനസഹായമാണ് ലഭിച്ചത്; ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചു?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) വരൾച്ചബാധിത പ്രദേശങ്ങളായ വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിലെ കുരുമുളക് കൃഷിയുടെ പുനരുദ്ധാരണത്തിനായി 395.54 കോടി രൂപയുടെ ഒരു പദ്ധതി 2004-2005-ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചു. ടി പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യവുമുള്ള കുരുമുളകു വള്ളികൾ മുറിച്ചുമാറ്റി പുതിയ വള്ളികൾ നടുന്നതിനും, ശാസ്ത്രീയമായ പരിചരണത്തിനുമാണ് ധനസഹായം അനുവദിക്കുന്നത്. വയനാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിലായി 27600 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ 23400 ഹെക്ടർ സ്ഥലത്ത് ഇതിനോടകം പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

(ബി) 800 ലക്ഷം രൂപയുടെ പദ്ധതിക്കാണ് മാക്രോ മാനേജ്മെന്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ഇതിൽ 720 ലക്ഷം രൂപ കേന്ദ്ര വിഹിതവും 80 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. ഈ പദ്ധതി പ്രകാരം 477.01 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി

*15 [406] *ശ്രീ. വർക്കല കഹാർ:*
,, *ജോർജ് ജെ. മാത്യു:*
,, *ലൂഡി ലൂയിസ്:*
,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് 2004-2005-ൽ എന്തു തുക വകയിരുത്തിയിരുന്നു; അതിൽ എന്തു തുക ചെലവഴിച്ചു;

(ബി) വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ സ്ഥാപനത്തിന്റെ സേവനം കർഷകർക്ക് എന്നത്തേക്ക് ലഭ്യമാക്കുവാൻ സാധിക്കും;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സ്ഥാപനം കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് 2004-2005-ൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. ഇതുവരെ ഒരു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വെർച്വൽ യൂണിവേഴ്സിറ്റി പ്രോജക്ട് കേരള കാർഷിക സർവ്വകലാശാലയ്ക്കാണ് നൽകിയിട്ടുള്ളത്. ഇതിനുവേണ്ടി ഒരു എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയും കാർഷിക സർവ്വകലാശാലയും ചേർന്നാണ് ഈ പ്രോജക്ട് മറ്റ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയ്ക്കും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയ്ക്കും (IIITM-Kerala) ഓരോ കോ-ഓർഡിനേറ്റർമാരെ നിയമിക്കുകയും ചെയ്തു.

വെർച്വൽ യൂണിവേഴ്സിറ്റിക്കുവേണ്ടി ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും വെർച്വൽ യൂണിവേഴ്സിറ്റിയുടെ മാനേജിംഗ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ആദ്യമായി നാളികേരം അടിസ്ഥാനമാക്കിയുള്ള ഒരു പൈലറ്റ് പോർട്ടൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്.

(സി) കേരളപ്പിറവിദിനത്തിൽ (നവംബർ 1) പൈലറ്റ് പോർട്ടലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പോർട്ടലിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി കർഷകർക്ക് വേണ്ട സേവനം നൽകുവാൻ കഴിയുന്നതാണ്.

(ഡി) കൃഷിയുടെ ഉൽപ്പാദനം, വിളപരിപാലനം, വിപണി, വായ്പ, അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങി എല്ലാ വിഷയങ്ങളിലും കർഷകർക്കാവശ്യമായ വിവരങ്ങളും ഉപദേശങ്ങളും നൽകുന്നതിന് വിവരസാങ്കേതികവിദ്യയിൽ ആശ്രിതമായ ഒരു ഓൺലൈൻ സൈബർ എക്സ്റ്റൻഷൻ പരിപാടി നടപ്പിലാക്കുന്നതാണ്. ആഭ്യന്തര വിദേശ കമ്പോളങ്ങളെക്കുറിച്ചും കയറ്റുമതി നിയമങ്ങൾ, ഗുണനിലവാരം, മാർക്കറ്റ് ഇന്റലിജൻസ് തുടങ്ങി കർഷകർക്ക് മാറുന്ന വിപണിസാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും ബുദ്ധിമുട്ട് പരമാവധി ലഘൂകരിക്കാനും ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതാണ്. കർഷകർക്കുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ട നയരൂപീകരണത്തിന് സഹായങ്ങളും ചെയ്തുകൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കയറ്റുമതിക്കാർക്കും വ്യാപാരികൾക്കും ലോകകമ്പോളത്തിലേക്ക് കൂടുതൽ പ്രവേശനം ലഭിക്കാൻ ഉതകുന്ന വിധത്തിൽ ലോക കമ്പോള വിവരങ്ങൾ ലഭ്യമാക്കുന്നതിലൂടെ നമ്മുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കാൻ സഹായകരമാകും.

കായലോര വിനോദസഞ്ചാരം വികസിപ്പിക്കുന്നതിന് നടപടി

*16 [407] *ശ്രീ. ടി. കെ. ദേവകുമാർ:*

ഡോ. തോമസ് ഐസക്:

ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലോര വിനോദസഞ്ചാരത്തിന്റെ വികസന പരിപാടികൾ മലബാർ പ്രദേശത്ത് വ്യാപിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആലപ്പുഴ, കുമരകം, തണ്ണീർമുക്കം എന്നീ പ്രദേശങ്ങളിലെ കായലുകളിൽ പശ്ചാത്തല വികസന പരിപാടികൾ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; കായലുകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാൻ സാധ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കായലുകൾ മാലിന്യരഹിതമാണെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):*

(എ) മലബാർ മേഖലയിലെ കായലോര ടൂറിസത്തിന്റെ അനന്തസാദ്ധ്യതകൾ കണക്കിലെടുത്ത്, ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് നാറ്റ്പാക്കിലൂടെ ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകൾ തയ്യാറാക്കുകയും കേന്ദ്ര ധനസഹായത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. താഴെപ്പറയുന്ന പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്:

- വാടിക്കലിൽ ഹൗസ്ബോട്ട് ടെർമിനലിന്റെ വികസനം – 120 ലക്ഷം രൂപ.
- നീലേശ്വരത്ത് ഹൗസ്ബോട്ട് ടെർമിനലിന്റെ വികസനം – 125 ലക്ഷം രൂപ.
- 8 ഫ്ളോട്ടിംഗ് ജെട്ടികളുടെയും, അഴീക്കൽ, കൊറ്റി, അയിറ്റിക്കടവ്, ഇരിങ്ങൽ എന്നിവിടങ്ങളിൽ ജെട്ടി സമുച്ചയങ്ങളുടെയും നിർമ്മാണം – 300 ലക്ഷം രൂപ.
- ചേറ്റുവയിൽ ഹൗസ്ബോട്ട് ടെർമിനലിന്റെ നിർമ്മാണം – 53 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly